**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1255** **30-08-2022 - ൽ മറുപടിയ്ക്ക്**

**മണികണ്ഠൻചാൽ ചപ്പാത്തിലെ പുതിയ പാലം നിർമാണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിലെ മണികണ്ഠൻചാൽ ചപ്പാത്തിൽ പുതിയ പാലത്തിന്റെ നിർമാണം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; | (എ) | പരിഗണനയിലുണ്ട്. എന്നാൽ പാലം ഉൾപ്പെട്ടുവരുന്ന സ്ഥലം റിസർവ് ഫോറസ്റ്റിൽ ഉൾപ്പെട്ടുവരുന്നതിനാൽ കേന്ദ്ര വനം (സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. ആയതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു |
| (ബി) | പ്രസ്തുത പാലത്തിന്റെ നിർമാണംസംബന്ധിച്ച് ബഹു.ന്യൂനപക്ഷ കമ്മീഷന്റെ 2018-ലെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത പാലം നിർമാണവുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ അനുമതിയോടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി റിപ്പോർട്ട് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിലേക്ക് ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടെൻഡേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിങ് ലഭ്യമായിട്ടുണ്ട്. |
| (ഡി) | പാലം നിർമാണവുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധന പൂർത്തീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ഡി) | പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ അനുമതിയോടെ നിലവിലെ ചപ്പാത്തിന് സമീപത്തും അപ്രോച്ച് റോഡിലുമായി 10 ബോർഹോളുകളുമാണ് എടുത്തിട്ടുള്ളത്. ആയത് പരിശോധന നടത്തി റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് ലഭ്യമാക്കി, ആയതിന്റെ അടിസ്ഥാനത്തിൽ ടെൻഡേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിങ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | പാലം നിർമാണം സംബന്ധിച്ച ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എത്ര തുകയ്ക്കുള്ള ഡി.പി.ആർ. ആണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ഇ) | പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ തയ്യാറാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (എഫ്) | നിലവിൽ മണികണ്ഠൻചാൽ ചപ്പാത്തിലുള്ള പാലം മഴക്കാലത്ത് സഞ്ചാര യോഗ്യമല്ലാതായി തീരുന്ന സാഹചര്യത്തിൽ, മഴക്കാലത്തുകൂടി സഞ്ചാരയോഗ്യമാകുന്ന രീതിയിൽ പുതിയ പാലം നിർമിക്കുന്നതിന് വേഗത്തിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിലെ മണികണ്ഠൻ ചാൽ ചപ്പാത്തിൽ പുതിയ പാലത്തിന്റെ നിർമ്മാണം സർക്കാർ പരിഗണനയിലുണ്ട്. എന്നാൽ പാലം ഉൾപ്പെട്ടുവരുന്ന സ്ഥലം റിസർവ് ഫോറസ്റ്റിൽ ഉൾപ്പെട്ടു വരുന്നതിനാൽ കേന്ദ്ര വനം (സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. ആയതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ